നാദബ്രഹ്മം

**സംഗീതസംവിധായകൻ എം.ജി. രാധാകൃഷ്ണൻ മറക്കാനാവാത്ത ചില ഓർമകൾ പങ്കുവയ്ക്കുന്നു**

# എത്ര പൂക്കാലം...



ഓർമകളുടെ ഈണം തഴുകുമ്പോൾ വികാരവിക്ഷോഭങ്ങളുടെ വേലിയേറ്റത്തിൽപ്പെടാറില്ല എം.ജി. രാധാകൃഷ്ണൻ എന്ന സംഗീത പ്രതിഭ. പതിറ്റാണ്ടുകൾക്കിപ്പുറത്തും താൻ ഈണം പകർന്ന ഗാനങ്ങൾ മലയാളികൾ നെഞ്ചേറ്റുന്നതിൽ അഭിമാനമുണ്ട് എന്ന ഭാവവും ആ മുഖത്ത് നിഴലിക്കുന്നില്ല. ഉള്ളിൽ അലയടിച്ചുയരുന്ന സംഗീതത്തെ അദ്ദേഹം ശാന്തനായി തന്നെ ഏറ്റുവാങ്ങുന്നു, ഉപാസിക്കുന്നു, മറ്റുള്ളവർക്ക് പകർന്നുനല്കുന്നു.

ലളിതസംഗീതത്തിലും ചലച്ചിത്ര ഗാനശാഖയിലും ഒരു ഋതുവായിരുന്ന അദ്ദേഹത്തിന്റെ ഓരോ പാട്ടും ഒന്നിനൊന്ന് മധുരതരമായിരുന്നു. ഒരു തലമുറയുടെ സ്വപ്നത്തിന്റെയും സങ്കല്പങ്ങളുടെയും മുഴുവൻ പീലിച്ചിറകുകളും നിറഞ്ഞവ. അവരുടെ ദുഃഖങ്ങളുടെ നൊമ്പരശ്രുതികളും അവയിൽ ഇഴുകിച്ചേർന്നിരുന്നു.

'തമ്പ് ', 'രണ്ടുജന്മം', 'ജാലകം', 'സർവകലാശാല', 'അദ്വൈതം', 'അയിത്തം', 'രാക്കുയിലിൻ രാഗസദസ്സിൽ', 'ദേവാസുരം', 'കുമ്മാട്ടി', 'സാഫല്യം', 'മിഥുനം', 'കാറ്റുവന്നുവിളിച്ചപ്പോൾ', 'അഗ്നിദേവൻ', 'രക്തസാക്ഷികൾ സിന്ദാബാദ്', 'കുലം', 'പകൽ', 'കണ്ണെഴുതി പൊട്ടുംതൊട്ട്...' ഈ ചിത്രങ്ങളിലെ പാട്ടുകൾ കേരളീയരുടെ ഇഷ്ടഗാനങ്ങൾ ആയിത്തീർന്നതും ഇതുകൊണ്ടുതന്നെ.

നല്ലതെന്നു തോന്നിയിട്ടുള്ളവ മാത്രമേ താൻ ചെയ്തിട്ടുള്ളൂ എന്നു വിശ്വസിക്കുന്ന എം.ജി. രാധാകൃഷ്ണൻ ഓരോ ഗാനത്തിന്റെയും സൃഷ്ടി അവസാനം വരെ നീളുന്ന പിരിമുറുക്കത്തിന്റേതു കൂടിയാണെന്നു പറയുന്നു. നിരവധി ചിത്രങ്ങൾക്ക് പാട്ടുകളൊരുക്കിയിട്ടുണ്ടെങ്കിലും മറ്റുള്ളവയിൽ നിന്ന് വ്യത്യസ്തമായി 'മണിച്ചിത്രത്താഴ്' എന്ന ചിത്രത്തിലെ പാട്ടുകളൊരുക്കാൻ, വല്ലാതെ ആത്മസംഘർഷം അനുഭവിച്ചിരുന്നതായി തൈക്കാട്ടെ വീട്ടിലിരുന്ന് സാക്ഷ്യപ്പെടുത്തുന്നു. പ്രത്യേകിച്ചും ചിത്രത്തിലെ 'പഴംതമിഴ് പാട്ടിഴയും ശ്രുതിയിൽ' എന്ന ഗാനമൊരുക്കാൻ.

ചിത്രത്തിലെ പാട്ടെഴുത്തുകാരനായി ബിച്ചു തിരുമലയെയും സംഗീതമൊരുക്കാൻ എം.ജി. രാധാകൃഷ്ണനെയും സംവിധായകൻ ഫാസിൽ നിശ്ചയിച്ചു. 'കഥ കേട്ടപ്പോഴേ ഞാൻ അസ്വസ്ഥനായി. എങ്കിലും അഡ്വാൻസ് വാങ്ങി. ബിച്ചുവുമായി ചേർന്ന് പാട്ടിന് പരിശ്രമിച്ചെങ്കിലും ഒന്നുമാകാത്തതിനെ തുടർന്ന് അഡ്വാൻസ് തുക തിരിച്ചുനല്കി. മറ്റൊരാളെ കണ്ടെത്താൻ ഫാസിലിനോട് നിർദ്ദേശിക്കുകയും ചെയ്തു' – അദ്ദേഹം പറഞ്ഞു.

എന്നാൽ എം.ജി. രാധാകൃഷ്ണൻ എന്ന സംഗീതജ്ഞനിൽ ഫാസിലിന് ഉറച്ച വിശ്വാസമായിരുന്നു. മടക്കി നല്കിയ അഡ്വാൻസ് തുകയുമായി ഫാസിൽ തന്നെ നേരിട്ടെത്തി. ഒടുവിൽ ഫാസിലിന്റെ നിർബന്ധത്തിനു മുന്നിൽ എം.ജി.ക്ക് വഴങ്ങേണ്ടിവന്നു. ചിത്രത്തിലെ പാട്ടുകൾ ഒരുക്കാമെന്നേറ്റ് വീണ്ടും അഡ്വാൻസ് കൈപ്പറ്റി.

''ആഹിരി രാഗത്തിലാണ് 'പഴംതമിഴ് പാട്ടിഴയും ശ്രുതിയിൽ' എന്നു തുടങ്ങുന്ന പാട്ട് ചിട്ടപ്പെടുത്തിയത്. ആഹിരിയിൽ അപൂർവമായേ പാട്ട് ചിട്ടപ്പെടുത്തുകയുള്ളൂ. ഈ രാഗത്തിൽ പാട്ട് ഒരുക്കിയാൽ 'അന്നം മുടങ്ങുമെന്ന' വിശ്വാസം പണ്ടുകാലം മുതൽക്കേ സംഗീതജ്ഞരുടെ ഇടയിലുണ്ട്. ഈ പാട്ടിന്റെ ഓരോ ഘട്ടത്തിലും ഞാനും ബിച്ചുവും ഏറെ ടെൻഷൻ അനുഭവിച്ചിരുന്നു''.

'പാട്ട് ചിട്ടപ്പെടുത്തിയതിനുശേഷം ഭാര്യ പദ്മജയെ പാടിക്കേൾപ്പിക്കുകയാണ് ആദ്യം ചെയ്തത്. പാട്ടുകേട്ട് അവരുടെ കണ്ണുകൾ നിറയുന്നതുകണ്ട് സന്തോഷത്താൽ മതിമറന്ന് വാരിപ്പുണർന്നു. പാട്ടിനുള്ള പ്രതികരണവും സ്വീകാര്യതയും അപ്പോൾതന്നെ ഞാൻ തിരിച്ചറിഞ്ഞു' – എം.ജി. രാധാകൃഷ്ണൻ പറഞ്ഞു. ചിത്രം പുറത്തിറങ്ങുന്നതിനു മുമ്പേ പാട്ടുകൾ വൻഹിറ്റായി.

'ചാമര'ത്തിലെ 'നാഥാ നീവരും കാലൊച്ച കേൾക്കാൻ...', 'രാക്കുയിലിൻ രാഗസദസിൽ' എന്ന ചിത്രത്തിലെ 'പൂമുഖവാതിൽക്കൽ സ്നേഹം വിടർത്തുന്ന പൂന്തിങ്കളാകുന്നു ഭാര്യ' എന്നീ പാട്ടുകളും സുഖദമായ ഓർമകളാണ് തനിക്ക് സമ്മാനിക്കുന്നതെന്ന് എം.ജി. രാധാകൃഷ്ണൻ പറയുന്നു. ആകാശവാണിക്കുവേണ്ടി ചിട്ടപ്പെടുത്തിയ പാട്ടുകളുടെ ട്യൂൺ അതേപടി ഉപയോഗിക്കണമെന്നാവശ്യപ്പെട്ട് രണ്ടുചിത്രങ്ങളുടെയും സംവിധായകർ എത്തുകയായിരുന്നു.

ഭരതൻ 'ചാമര'ത്തിനായി തേടിവന്നത് മഹാകവി ജി. ശങ്കരക്കുറുപ്പ് മൊഴിമാറ്റം നടത്തിയ ടാഗോർ കവിതയ്ക്ക് എം.ജി. രാധാകൃഷ്ണൻ പകർന്ന ഈണമായിരുന്നു. 'നാഥാ നിൻ സിംഹാസനത്തിൽ ഭവാൻ ആരാലിറങ്ങിവന്നു' എന്നു തുടങ്ങുന്ന പാട്ട് പൂവച്ചൽ ഖാദർ – എം.ജി. രാധാകൃഷ്ണൻ കൂട്ടുകെട്ടിലൂടെ 'നാഥാ നീവരും കാലൊച്ച കേൾക്കാൻ' എന്ന ഹിറ്റുഗാനമായി ചിത്രത്തിലൂടെ പുനർജനിച്ചു. കെ.ജി. സേതുനാഥ് രചിച്ച് എം.ജി. രാധാകൃഷ്ണൻ തന്നെ ഈണമിട്ടു പാടിയ 'വാതുക്കലെത്തുന്ന നേരം ചിരിക്കുന്ന വാസന്തിപ്പൂവാണ് ഭാര്യ' എന്നുതുടങ്ങുന്ന ലളിതഗാനത്തിന്റെ ട്യൂൺ അതേപടി നിലനിർത്തി എസ്. രമേശൻ നായരെക്കൊണ്ട് വരികൾ മാറ്റി എഴുതിക്കുകയായിരുന്നു പ്രിയദർശൻ. 'പൂമുഖ വാതിൽക്കൽ സ്നേഹം വിടർത്തുന്ന പൂന്തിങ്കളാകുന്നു ഭാര്യ' എന്നുതുടങ്ങുന്ന സൂപ്പർഹിറ്റ് ഗാനം പിറന്നത് ഇങ്ങനെയായിരുന്നു.

അടുത്തിടെ പുറത്തിറങ്ങിയ ഇവർ വിവാഹിതരായാൽ എന്ന ചിത്രത്തിൽ ഈ പാട്ട് റീമിക്സ് ചെയ്ത് ഉപയോഗിച്ചിട്ടുണ്ട്. റീമിക്സ് ചെയ്തതിലും മറ്റൊരു യാദൃച്ഛികത കൂടിയുണ്ട്. 'പൂമുഖവാതിൽക്കൽ...' എന്ന പാട്ടിന് ഈണമിട്ടത് എം.ജി. രാധാകൃഷ്ണൻ. പാടിയത് യേശുദാസ്. 2009ൽ റീമിക്സ് ചെയ്തപ്പോൾ പാടിയത് യേശുദാസിന്റെ മകൻ വിജയ് യേശുദാസ്. റീമിക്സ് ചെയ്ത സൗണ്ട് എൻജിനീയറാകട്ടെ എം.ജി. രാധാകൃഷ്ണന്റെ മകൻ എം.ആർ. രാജാകൃഷ്ണനും.

**തയ്യാറാക്കിയത് :**

**ജി. മഹേഷ്**